## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : 108

21.3.2013- ൽ
മറുപടിക്ക്

## കയർ മേഖലയുടെ ആധുനികവൽക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. സെൽവരാജ്<br>,, ലൂഡി ലൂയിസ്<br>,, അൻവർ സാദത്ത്<br>,, എ.റ്റി. ജോർജ് | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ)കയർ മേഖലയെ ആധുനിക വൽക്കരിക്കാൻ എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ; | • കയർ മേഖലയിലെ നിലവിലുള്ള സഹകരണ സംഘങ്ങൾക്ക് ഡീഫൈബറിംഗ് മെഷീനുകൾ സൗജന്യമായും, മറ്റ് മേഖലയിലുള്ളവർക്ക് സബ്സിഡി നിരക്കിലും നല്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br>• തൊഴിലാളികളുടെ അധ്വാന ഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനം ലക്ഷ്യമാക്കികൊണ്ട് ആധുനിക തരത്തിലുള്ള, വിവിധ ഇനം കയർ പിരിക്കാവുന്ന ഉല്പാദനക്ഷമത കൂടുതലുള്ള ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ വികസിപ്പിച്ചു വരുന്നു.<br>• ആലപ്പുഴയിൽ കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ആധുനിക രീതിയിലുള്ള എക്സ്പോർട്ട് ഹബ് സ്ഥാപിച്ചു വരുന്നുണ്ട്.<br>• സംഘങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ ഗോഡൗൺ, വർക്ക്ഷെഡ്, ടോയ്ലറ്റ് തുടങ്ങിയവയുൾപ്പെടെയുള്ളവയുടെനിർമ്മാണ/ നവീകരണം, ഉപകരണങ്ങൾ വാങ്ങുന്നത് എന്നിവയ്ക്ക് |

| | |
|---|---|
| | ധനസഹായം അനുവദിച്ചു വരുന്നു.<br><br>• കയർ മെഷീനറികളുടെ നിർമ്മാണത്തിന് ആലപ്പുഴയിൽ കയർ മെഷീനറി നിർമ്മാണ ഫാക്ടറിയുടെ പ്രവർത്തനം ഉടനെ ആരംഭിക്കുന്ന താണ്.<br><br>• ഫോംമാറ്റിംഗ്സിന്റെ നേതൃത്വത്തിൽ കയർ കോംപസിറ്റ് ബോർഡ് ഫാക്ടറി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) ഈ മേഖലയെ ശക്തിപ്പെടുത്താനും യുവതലമുറയെ കൂടുതൽ ആകർഷിക്കുവാനും എന്തെല്ലാം കാര്യങ്ങളാണ് പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) കയർ മേഖലയിൽ നിയന്ത്രിത യന്ത്രവത്ക്കരണം നടപ്പിലാക്കി കൂടുതൽ യുവജനങ്ങളെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുവാനുള്ള പരിശ്രമങ്ങൾ നടന്നു വരുന്നു. കൂടാതെ, കയർപിരി, ഉല്പന്ന മേഖലകളിൽ മിനിമം നൽകേണ്ട കൂലിയും വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (സി) യന്ത്രവൽക്കരണം ഉൾപ്പെടെയുള്ള ആധുനികവൽക്കരണത്തിന് പ്രാധാന്യം നൽകുമോ: വിശദമാക്കുമോ; | (സി) പ്രാധാന്യം നൽകുന്നതാണ്. കയർ മേഖലയിൽ നിയന്ത്രിത യന്ത്രവത്ക്കരണവും വൈവിദ്ധ്യവത്ക്കരണവും നടപ്പിലാക്കുന്നതിന്റെ ഭാഗമായി നൂതനമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. |
| (ഡി) യന്ത്രവൽക്കരണം നടപ്പാക്കുമ്പോൾ തൊഴിലവസരങ്ങൾ നഷ്ടപ്പെടാതെയുള്ള പരിഷ്കരണത്തിന് ഊന്നൽ നൽകുന്ന കാര്യം പരിഗണിക്കുമോ ? | ഡി) പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ